LIBRARY ARCHIVES Kerala Legislative Assembly

ഇ-വേസ്റ്റ് മാലിന്യ ശേഖരണ സംസ്കരണം

92 (1563) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇ-വേസ്റ്റ് മാലിന്യ ശേഖരണ-സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതിന് ഏതെങ്കിലും കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ശേഖരണ കേന്ദ്രങ്ങൾ പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടോ;

(സി) പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ഡി) ക്ലീൻ കേരള കമ്പനി ഇക്കാര്യത്തിൽ നൽകുന്ന സേവനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നമ്പർ 2612/2014/തസ്വഭവ തീയതി 10-10-2014 പ്രകാരം സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ 5 ശ്രേണി നിരക്കിൽ ക്ലീൻ കേരള കമ്പനി സ്വീകരിക്കണമെന്നും തുടർന്നുള്ള പുനഃചംക്രമണ പ്രവർത്തനങ്ങൾക്കായി രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംഭരണശാലകളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

(ബി) ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് കവറുകൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ തരംതിരിച്ച് സംഭരിക്കാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിച്ച് അവിടെ പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്ന ഏജൻസികൾക്ക് കൈമാറാനുള്ള നടപടി സ്വാപ് ഡീലർമാരുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കെ.എസ്.ബി.സി.ഡി.സി.-ക്ക് സ്ഥലം കൈമാറ്റം

93 (1564) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൽപ്പറ്റ നഗരസഭയുടെ കൈവശമുള്ള സ്ഥലം കെ.എസ്.ബി.സി. ഡി.സി.-ക്ക് കൈമാറുന്നത് സംബന്ധിച്ച് കൽപ്പറ്റ നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;